**Mar Joseph Srampickal**
Bishop, Syro Malabar Eparchy of Great Britain

Bishop's Office
Our Lady of Rosary and St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom
B8 3BB
Email: bishop@csmegb.org

Circular 06/2023 03 June 2023

**<u>ആരാധനക്രമ ക്വിസിന്റെ യൂണിറ്റ്തല മത്സരത്തിനുള്ള 100 ചോദ്യങ്ങൾ</u>**

'വിശുദ്ധനഗരമായ ജറൂസലെമിൽ ആഘോഷിക്കപ്പെടുന്ന സ്വർഗീയാരാധനയുടെ മുന്നാസ്വാദനമായി ഭൗമീകാരാധനയിൽ നാം പങ്കുചേരുന്നു. ആ വിശുദ്ധ നഗരത്തിലേക്കു തീർത്ഥാടകരായ നാം യാത്രചെയ്യുന്നു' (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം: 1090).

ഈശോമിശിഹായിൽ എന്റെ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

വിശുദ്ധമായ ഈ സ്ലീഹാക്കാലത്ത് എല്ലാവർക്കും എന്റെ പ്രാർത്ഥനാശംസകൾ.

ഇതുവരെ പ്രസിദ്ധീകരിച്ച ലിറ്റർജി ക്വിസ് ചോദ്യങ്ങളിൽ വലിയ താൽപ്പര്യം കാണിക്കുന്നതിനും അതുവഴി നമ്മുടെ വ്യക്തിസഭയായ സീറോ മലബാർ സഭയുടെ ആരാധനക്രമത്തെക്കുറിച്ച് കൂടുതലറിയുവാൻ ശ്രമിക്കുന്നതിനും നിങ്ങളെ ഓരോരുത്തരെയും ഞാൻ അഭിനന്ദിക്കുന്നു. 2023 ജൂൺ 4ന് ദനഹ ഇബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്ന 20 ചോദ്യങ്ങളോടെ നമ്മുടെ ലിറ്റർജി ക്വിസ് 25 ആഴ്ചകൾ പിന്നിടുകയാണ്. ലിറ്റർജി ക്വിസിനെ സംബന്ധിച്ചുള്ള എന്റെ മുൻസർക്കുലറിലെ (Circular 01/2023 dated 24th March 2023) നിർദ്ദേശങ്ങൾ പാലിച്ച്, യൂണിറ്റ് തല മത്സരം സംഘടിപ്പിക്കുന്നതിന് വികാരിയച്ചനെ സഹായിക്കുന്നതിനായി ഓരോ സമൂഹവും ഒരു കോഓർഡിനേറ്ററെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. നമ്മുടെ എപ്പാർക്കിയിൽ കുടുംബമായിട്ടല്ലാതെ താമസിക്കുന്ന അന്താരാഷ്ട്ര യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെ സാന്നിധ്യം കണക്കിലെടുത്ത്, അവർക്ക് രണ്ട് പേരടങ്ങുന്ന ടീം രൂപീകരിച്ച് മത്സരത്തിൽ പങ്കെടുക്കാമെന്ന് ഈ സർക്കുലറിലൂടെ ഞാൻ അറിയിക്കുന്നു.

ഇടവക/മിഷൻ/നിർദ്ദിഷ്ട മിഷൻ മത്സരങ്ങൾക്ക് ഉപയോഗിക്കേണ്ട 100 ചോദ്യങ്ങളുടെ ക്വസ്റ്റ്യൻ ബാങ്ക് പ്രസിദ്ധീകരിക്കുകയും അവ ഈ സർക്കുലറിനൊപ്പം ചേർക്കുകയും

ചെയ്യുന്നു. നിങ്ങളുടെ ചുമതലയുള്ള വൈദികൻ 31/07/2023ന് മുമ്പ് നിങ്ങളുടെ ഇടവക/മിഷൻ/നിർദിഷ്ട മിഷൻതല മത്സരത്തിന്റെ തീയതി പ്രഖ്യാപിക്കുന്നതാണ്. റീജിയൺതല മത്സരങ്ങൾക്ക് യോഗ്യരായ ടീമുകളുടെ ലിസ്റ്റ് 30/09/2023ന് മുമ്പ് സംഘാടകർക്ക് കൈമാറാൻ അനുയോജ്യമായ തീയതിയിലായിരിക്കണം യൂണിറ്റ് തല മത്സരം നടത്തേണ്ടത്.

ഇടവക/മിഷൻ/നിർദ്ദിഷ്ട മിഷൻ മത്സരങ്ങളിൽ 80% മാർക്ക് നേടുന്ന ഓരോ ടീമിനും ഓൺലൈനിൽ നടക്കുന്ന റീജിയൺതല ക്വിസിൽ മത്സരിക്കാൻ അർഹതയുണ്ട്. ഒരു യൂണിറ്റിൽ നിന്ന് മൂന്ന് ടീമുകളെങ്കിലും യൂണിറ്റ്തല ക്വിസിൽ 80% മാർക്ക് നേടിയില്ലെങ്കിൽ, ആ യൂണിറ്റിൽ നിന്ന് ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന മൂന്ന് ടീമുകളെ റീജിയൺതല ക്വിസിൽ മത്സരിക്കാൻ തിരഞ്ഞെടുക്കേണ്ടതാണ്. ഇടവക/മിഷൻ/നിർദിഷ്ട മിഷൻ മത്സരത്തിലെ വിജയികളെ ഇടവക/മിഷൻ/നിർദിഷ്ട മിഷൻ തലത്തിൽ തന്നെ ഉചിതമായി ആദരിക്കേണ്ടതാണ്. ഇടവക/മിഷൻ/നിർദിഷ്ട മിഷൻ ലെവൽ ക്വിസിൽ മേൽപ്പറഞ്ഞ ചോദ്യബാങ്കിൽ നിന്നുള്ള 20 ചോദ്യങ്ങളായിരിക്കും ഉണ്ടാവുക. റീജിയൺതല ക്വിസിന്റെ മൂന്ന് റൗണ്ടുകൾ 15/10/2023, 22/10/2023 & 29/10/2023 തീയതികളിൽ രാത്രി 8.00 മണിക്ക് ഓൺലൈനായി നടക്കും. കൂടാതെ, 8/10/2023 ഞായറാഴ്ച രാത്രി 8.00 മണിക്ക് ഓപ്ഷണൽ ഓൺലൈൻ പ്രാക്ടീസ് ക്വിസ് ഉണ്ടായിരിക്കും.

എപ്പാർക്കിയിലെ ഇടവകകൾ/മിഷനുകൾ/നിർദിഷ്ട മിഷനുകൾ മൂന്ന് വിഭാഗങ്ങളായി തരംതിരിക്കും: 100 കുടുംബങ്ങൾ വരെ ഉള്ളവ, 101 നും 250 നും ഇടയിൽ കുടുംബങ്ങൾ ഉള്ളവ, 251 കുടുംബങ്ങളും അതിൽ കൂടുതലും ഉള്ളവ. മേൽപ്പറഞ്ഞ ഓരോ വിഭാഗത്തിലും റീജിയണൽ തലത്തിൽ ഏറ്റവും കൂടുതൽ ടീമുകൾ മത്സരിക്കുന്ന മികച്ച മൂന്ന് ഇടവകകൾ/മിഷനുകൾ/നിർദിഷ്ട മിഷനുകൾ എന്നിവയ്ക്ക് ട്രോഫികൾ സമ്മാനിക്കുന്നതാണ്.

എപ്പാർക്കിതല ക്വിസ് 25/11/2023 ശനിയാഴ്ച ലിവർപൂളിലെ ഔർ ലേഡി ക്വീൻ ഓഫ് പീസ് സീറോ മലബാർ കാത്തലിക് ചർച്ചിൽ വെച്ച് നടത്തപ്പെടും. എപ്പാർക്കിതല ക്വിസിൽ ഒന്നാം സ്ഥാനം കരസ്തമാക്കുന്ന ടീമിന് ട്രോഫിയും 3000 പൗണ്ട് ക്യാഷ് പ്രൈസും, രണ്ടാം സ്ഥാനം കരസ്തമാക്കുന്ന ടീമിന് ട്രോഫിയും 2000 പൗണ്ട് ക്യാഷ് പ്രൈസും, മൂന്നാം സ്ഥാനം കരസ്തമാക്കുന്ന ടീമിന് ട്രോഫിയും 1000 പൗണ്ട് ക്യാഷ് പ്രൈസും ആണ് സമ്മാനമായി ലഭിക്കുക. നമ്മുടെ സഭയുടെ ആരാധനക്രമത്തിൽ അതീവതൽപരരായ വിശ്വാസികളുടെ സംഭാവനകളാലാണ് സമ്മാനത്തുകയും ലിറ്റർജി ക്വിസിന്റെ ചെലവും വഹിക്കപ്പെടുന്നത്.

പാരിഷ്/മിഷൻ/നിർദ്ദിഷ്ട മിഷൻ ലെവൽ ക്വിസിന് മുമ്പായി, കുടുംബക്കൂട്ടായ്മകളിൽ പരിശീലന ക്വിസുകൾ സംഘടിപ്പിക്കണം. ആരാധനാക്രമത്തിനായി പ്രത്യേകമായി സമർപ്പിച്ചിരിക്കുന്ന ഈ വർഷത്തിൽ നമ്മുടെ എപ്പാർക്കിയിലെ എല്ലാ വിശ്വാസികളുടെയും സജീവ പങ്കാളിത്തം ഇത് ഉറപ്പാക്കും. ആരാധനക്രമ ക്വിസിനായുള്ള ഒരുക്കങ്ങൾ എല്ലാ കമ്മീഷനുകളും ഫോറങ്ങളും ഇടവക/മിഷൻ/നിർദിഷ്ട മിഷൻ, റീജിയണൽ, എപ്പാർക്കി തലങ്ങളിൽ ആരാധന വർഷത്തിലുടനീളം, ഇടവക ക്വിസ് തീയതിക്ക് മുമ്പും അതിനുശേഷവും നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരാധനക്രമത്തെക്കുറിച്ചുള്ള എപ്പാർക്കിയൽ ഫാമിലി ക്വിസിന്റെ നിയമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഇതുവരെ ദനഹ ഇബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ച എല്ലാ ചോദ്യങ്ങളും CSMEGB വെബ്സൈറ്റിൽ (https://eparchyofgreatbritain.org/eparchial-liturgical-quiz-2/ ) ലഭ്യമാണ്. ഇതുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് എന്തെങ്കിലും സംശയങ്ങളുണ്ടെങ്കിൽ, നിങ്ങളുടെ യൂണിറ്റ് കോർഡിനേറ്ററെയോ വികാരിയച്ചനേയോ ബന്ധപ്പെടുകയോ yearofliturgy@csmegb.net എന്ന വിലാസത്തിലേക്ക് ഇമെയിൽ അയക്കുകയോ ചെയ്യുക.

പാപരഹിതയായ പരിശുദ്ധ കന്യകാമറിയത്തിന് ഞാൻ നമ്മുടെ രൂപതയെ സമർപ്പിക്കുന്നു. ആരാധനാക്രമവർഷത്തിന്റെ വിജയത്തിനായി നമുക്കെല്ലാവർക്കും പ്രാർത്ഥിക്കാം , കൂടാതെ ലിറ്റർജി ക്വിസിൽ സജീവമായി പങ്കെടുക്കുകയും നമ്മുടെ സഭയുടെ ആരാധനക്രമത്തെക്കുറിച്ചുള്ള നമ്മുടെ ധാരണ ശക്തിപ്പെടുത്തുകയും ചെയ്യാം.

നമ്മുടെ കർത്താവായ ഈശോമിശിഹാ നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ

ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

---------------------------------------------------------------------------------------------

NB: ഈ സർക്കുലർ 2023 ജൂൺ 11 ഞായറാഴ്ച (അന്നേദിവസം വിശുദ്ധ കുർബാന ഇല്ലെങ്കിൽ, വിശുദ്ധ കുർബാന ആഘോഷിക്കുന്ന ഏറ്റവും അടുത്തുള്ള ഞായറാഴ്ച) വിശുദ്ധ കുർബാനയുടെ ആഘോഷവേളയിൽ എല്ലാ ഇടവകകളിലും/മിഷനുകളിലും /നിർദിഷ്ട മിഷനുകളിലും വായിക്കേണ്ടതാണ്.

1.ജെറുസലേം ദേവാലയത്തിന്റെ  മാതൃകയിലാണ് പൗരസ്ത്യ സുറിയാനി ദേവാലയങ്ങൾ
നിർമ്മിക്കപ്പെട്ടിരിക്കുന്നത്. പൗരസ്ത്യ സുറിയാനി ദേവാലയങ്ങളുടെ  മൂന്നു  പ്രധാനപ്പെട്ട
ഭാഗങ്ങൾ ഏതൊക്കെ?

a) കങ്കേ(വിശുദ്ധ സ്ഥലം)
b) കെസ്ത്രോമ (ഗായക സംഘത്തിന്റെ സ്ഥലം)
c) ഹൈക്കല (സമൂഹവേദി)

2. എന്താണ് സ്ക്വാക്കോന?
ബേമയിൽ നിന്നും മദ്ബാഹായിലേക്കുള്ള വഴിയാണിത്.  ഇത് സ്വർഗ്ഗത്തിലേക്കുള്ള ഇടുങ്ങിയ വഴിയുടെയും ജീവന്റെ വഴിയുടെയും പ്രതീകമാണിത്.

3. ആരാധന ക്രമത്തിലെ പ്രധാന ഘടകങ്ങൾ ഏവ?

a) റാസെ(പരിശുദ്ധ കുർബാനയും മറ്റു കൂദാശകളും കൂദാശാനുകരണങ്ങളും)
b) യാമപ്രാർത്ഥനകൾ

4. ആരാധനക്രമ പുസ്തകത്തിൽ കാണുന്ന പ്രധാന വിശുദ്ധഗ്രന്ഥാധിഷ്ഠിതമായ പ്രാർത്ഥന ക്രമം ഏതാണ്?

a) സ്വർഗ്ഗസ്ഥനായ പിതാവേ
b) സങ്കീർത്തനം
c) ഗീതങ്ങൾ
d) സ്തുതിപ്പുകൾ
e) ആശീർവാദം
f) ദൈവസ്തുതി
g) പ്രകീർത്തനം

5. എന്താണ് ബേമ?
പൗരസ്ത്യ സുറിയാനി പള്ളിയുടെ ഘടനയിൽ ദൈവവചന ശുശ്രൂഷ നടത്തപ്പെടുന്ന സ്ഥലമാണ് ബേമ. ഇത് ഹൈക്കലയുടെ മധ്യത്തിൽ ഹൈക്കലായെക്കാൾ ഉയർന്ന് സ്ഥിതി ചെയ്യുന്നു.

6.പൗരസ്ത്യ സുറിയാനി പള്ളിയിലെ ബേമയുടെ ഉത്ഭവം എവിടെ നിന്നാണ്?
യഹൂദ സിനാഗോഗ് ഘടനയിൽ നിന്നും പൗരസ്ത്യ സുറിയാനി സഭ സ്വീകരിച്ചതാണ് ബേമ.

7. മാർ ഗബ്രിയേൽ ഖത്രായ ബേമയെ എന്തിന്റെ പ്രതീകമായാണ് പഠിപ്പിക്കുന്നത്?
ഭൗമിക ഓർശ്ലേമിന്റെ.

8.ബേമയുടെ മധ്യത്തിലുള്ള വചനപീഠത്തിന്റെ (മേശ) പേര് എന്താണ്?

ഗാഗുൽത്താ

9. ഗാഗുൽത്തായുടെ ഇരുവശങ്ങളിലുമായുള്ള വായനാ പീഠങ്ങളിൽ ഏതൊക്കെ വായനകൾ ആണ് വായിക്കുന്നത്?
ഒന്നാമത്തെ(നിയമം)യും രണ്ടാമത്തെ(പ്രവചനം)യും വായനകൾ സമൂഹത്തിന്റെ വലത് വശത്തുള്ള പീഠത്തിലും, മൂന്നാമത്തെ (ശ്ലീഹാ) വായന സമൂഹത്തിന്റെ ഇടത് വശത്തുള്ള പീഠത്തിലും.

10. വിശുദ്ധ സ്ഥലത്തെ പള്ളിയുടെ മറ്റു ഭാഗങ്ങളിൽ നിന്ന് വേർതിരിക്കുന്നത് എന്താണ്?
മദ്ബഹാവിരി

11. മദ്ബഹാവിരി എന്തിന്റെ പ്രതീകമാണ്?
സ്വർഗ്ഗത്തിന്റെ വാതിൽ

12. കങ്കെ (വിശുദ്ധ സ്ഥലം) എന്തിന്റെ പ്രതീകമാണ്?
സ്വർഗ്ഗീയ ഓർശ്ലേം

13. പള്ളിയിൽ വിശുദ്ധരുടെ തിരുശേഷിപ്പുകൾ സൂക്ഷിക്കുന്ന സ്ഥലത്തിന്റെ പേരെന്ത്?
ബേസ് സഹദേ (രക്തസാക്ഷികളുടെ ഭവനം)

14. പള്ളിയുടെ കേന്ദ്രം എന്താണ്?
മദ്ബഹ (അൾത്താര) അത് നമ്മുടെ കർത്താവിന്റെ കബറടത്തിന്റെയും ദൈവത്തിന്റെ സിംഹാസനത്തിന്റെയും പ്രതീകമാണ്

15. മക്സാനീസാ (ആരാധനക്രമ വിശറി മണി) എന്തു സൂചിപ്പിക്കുന്നു?
ഇത് മദ്ബഹാക്കു ചുറ്റുമുള്ള മാലാഖമാരുടെ സാന്നിധ്യത്തെ സൂചിപ്പിക്കുന്നു, ശബ്ദങ്ങൾ ദിവ്യരഹസ്യങ്ങളുടെ ചുറ്റുമുള്ള സെറാഫുകളെയും അവരുടെ ചിറകടികളേയും സൂചിപ്പിക്കുന്നു.

16.ധൂപക്കുറ്റി എന്തിനെ സൂചിപ്പിക്കുന്നു?
പശ്ചാത്താപത്തിന്റെയും സർവ്വശക്തനായ ദൈവത്തോടുള്ള സമ്പൂർണ്ണ സമർപ്പണത്തിന്റെയും പ്രതീകം. ധൂപക്കുറ്റി യിലെ കരി പാപത്തെ സൂചിപ്പിക്കുന്നു. അഗ്നി പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു. പരിശുദ്ധാത്മാവിലാണ് കരി (ബലഹീനനായ മനുഷ്യൻ)തിളങ്ങുന്നതും കത്തുന്നതും. ധൂപം പരിശുദ്ധത്രിത്വത്തിന്റെ കൃപയെ സൂചിപ്പിക്കുന്നു. ധൂപം മുകളിലേക്ക് ഉയരുന്നത് പോലെ നമ്മുടെ പ്രാർത്ഥനകളും ദൈവ സന്നിധിയിലേക്ക് ഉയരണം. (സങ്കീ.141/2)

17. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിലെ ആരാധനാക്രമ തിരുവസ്ത്രങ്ങൾ ഏതൊക്കെ?

a) കൊത്തീന
b) സൂനാറ

c) ഊറാറ
d) സന്ദേ
e) പൈന (കാപ്പ)
f) മ്സാനെ (വിശുദ്ധ സ്ഥലത്തു ധരിക്കുന്ന പാദരക്ഷകൾ)

18. ആരാധനാക്രമത്തിൽ മുട്ടുകുത്തുന്നതിന്റെ അർത്ഥം എന്താണ്?
ദൈവീക സഹായം അഭ്യർത്ഥിക്കുന്ന മനുഷ്യന്റെ മനോഭാവം ഇത് വെളിപ്പെടുത്തുന്നു. ഇത് പ്രായശ്ചിത്തത്തെ സൂചിപ്പിക്കുന്നു.

19. ആരാധനാക്രമത്തിൽ കൈവിരിക്കുന്നത് എന്താണ് സൂചിപ്പിക്കുന്നത്?
മറ്റുള്ളവർക്കായുള്ള യാചനയും മാദ്ധ്യസ്ഥവും.

20. കുർബാന എന്ന വാക്കിന്റെ അർത്ഥം?
അർപ്പണം

21. റാസ എന്ന വാക്കിന്റെ അർത്ഥം?
രഹസ്യം

22. ക്രിസ്തീയ ലോകത്ത് ഇന്ന് ഉപയോഗിച്ചുകൊണ്ടിരിക്കുന്നതിൽ ഏറ്റവും പുരാതന അനാഫൊറ (കൂദാശ) ഏതാണ്?
മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശ (ശ്ലീഹന്മാരുടെ കൂദാശ)

23. ഒരു മർമീസായിൽ എത്ര സങ്കീർത്തനങ്ങൾ ഉണ്ട്?
മൂന്ന് സങ്കീർത്തനങ്ങൾ.

24. സീറോ മലബാർ സഭയിൽ പരിശുദ്ധ റാസയിൽ എപ്പോഴാണ് സ്ലീവാ ചുംബനം നടത്തുന്നത്?
ഒനീസ ദ്കങ്കേയുടെ(മദ്ബഹാ ഗീതം)ആലാപന സമയത്ത്.

25. പൗരസ്ത്യ സുറിയാനി പാരമ്പര്യമനുസരിച്ച് ത്രിസാഗിയോൻ(ത്രൈശുദ്ധ കീർത്തനം) ഏത് സഭയിൽ നിന്നാണ് ഉത്ഭവിച്ചത്`?
കോൺസ്റ്റാന്റിനോപ്പിളിലെ സഭ

26.ബാറെക്മാർ' എന്നതിന്റെ അർത്ഥമെന്താണ്?
എന്റെ കർത്താവേ എന്നെ ആശിർവദിക്കണമേ.

27. ശൂറായ എന്ന വാക്കിന്റെ അർത്ഥം എന്താണ്?
ആരംഭിക്കൽ

28. ആഘോഷമായ സുവിശേഷപ്രദക്ഷിണത്തിന്റെ അർത്ഥം എന്ത്?

ഓശാന ഞായറാഴ്ച കഴുതപ്പുറത്തേറി നമ്മുടെ കർത്താവിന്റെ ഓർശ്ലേം പ്രവേശനം.

29. സുവിശേഷ പ്രദക്ഷിണത്തിനും വായനയ്ക്കും എന്തിനാണ് രണ്ട് തിരികൾ ഉപയോഗിക്കുന്നത്?

ഇസ്രയേൽ ജനത്തേയും വിജാതീയരിൽ നിന്ന് വിശ്വാസം സ്വീകരിച്ച ജനകളേയും സൂചിപ്പിക്കുന്നു. (പഴയ നിയമവും പുതിയ നിയമവും)

30. സുവിശേഷപ്രദക്ഷിണത്തിലും വായനയിലും ധൂപം ഉപയോഗിക്കുന്നത് എന്തിന്റെ പ്രതീകമാണ്?

നമ്മുടെ കർത്താവിന്റെ വാക്കുകളുടെ മാധുര്യത്തിന്റെ രഹസ്യം.

31. ഗാഗുൽത്തായിൽ (വചന മേശ) സുവിശേഷം വയ്ക്കുന്നത് എന്ത് സൂചിപ്പിക്കുന്നു?

നമ്മുടെ കർത്താവിന്റെ കുരിശുമരണം.

32.പൗരസ്ത്യ സുറിയാനി പാരമ്പര്യമനുസരിച്ച് ഏവൻഗേലിയോൺ ആരാണ് വായിക്കുന്നത്?

മെത്രാനോ  പുരോഹിതനോ.

33. കാറോസൂസ എന്ന വാക്കിന്റെ അർത്ഥം എന്ത്?

പ്രഘോഷണം.

34. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ കാറോസൂസാക്ക് എത്ര ഭാഗങ്ങളുണ്ട്?

3

35. രണ്ടാമത്തെ ഓനീസാ ദ് റാസേയിൽ സ്ലീവായുടെ ആകൃതിയിൽ ദൈവിക രഹസ്യങ്ങൾ പിടിക്കുന്നതിന്റെ സൂചന എന്ത്?

ഈശോയുടെ കുരിശുമരണം

36. ശോശപ്പകൊണ്ട്  ദൈവിക രഹസ്യങ്ങൾ മൂടുന്നതിന്റെ അർത്ഥം എന്ത്?

നമ്മുടെ കർത്താവിന്റെ സംസ്കാരം.

37. വിശുദ്ധ സ്ഥലത്ത് പ്രവേശിക്കുന്ന പുരോഹിതൻ എവിടെയാണ് ചുംബിക്കുന്നത്?

മദ്ബാഹ(അൾത്താര)യുടെ നടുക്കും വലത്തേയറ്റത്തും ഇടത്തേയറ്റത്തും

38. ഏതു ഭാഷയിൽ നിന്നാണ് അനാഫൊറ എന്ന പദം വരുന്നത്?

ഗ്രീക്ക്.

39. ഗ്രീക്ക് പദമായ അനാഫൊറക്ക്  തത്തുല്യമായ സുറിയാനി പദം ഏതാണ് ?

കൂദാശ.

40. കൂദാശ എന്ന വാക്കിന്റെ അർത്ഥം എന്താണ്?

പ്രതിഷ്ഠിക്കൽ, വിശുദ്ധികരണം, പരിപാവനമാക്കൽ

41.പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ എത്ര അനാഫൊറകൾ ഉണ്ട്?
മൂന്ന്.

42.പൗരസ്ത്യ സുറിയാനി പാരമ്പര്യം അനുസരിച്ച് വിശുദ്ധ കുർബാനയുടെ ഏത് ഭാഗമാണ് യഥാർത്ഥ വിശുദ്ധീകരണഭാഗം?
അനാഫൊറ(കൂദാശ)മുഴുവൻ

43. അനാഫൊറയിലെ പ്രാർത്ഥനാ വൃത്തങ്ങളുടെ ഘടകങ്ങൾ എന്തൊക്കെയാണ്?
കാർമ്മികന്റെ പ്രാർത്ഥനാഭ്യർത്ഥന, കൂശാപ്പ, ഗ്ഹാന്ത, കാനോനാ.

44. കൂശാപ്പ എന്ന പദത്തിന്റെ അർത്ഥം?
താഴ്ന്ന സ്വരത്തിൽ ചൊല്ലുന്ന പ്രാർത്ഥന.

45. ഗ്ഹാന്തയുടെ അർത്ഥം എന്ത് ?
കുനിയുക, പ്രണമിക്കുക

46. ഉച്ചസ്വരത്തിൽ ചൊല്ലുകയോ പാടുകയോ ചെയ്യുന്ന കൂദാശയുടെ ഒരേയൊരു ഭാഗം ഏതാണ്?
കാനോന

47. ദൈവീക രഹസ്യങ്ങളെ മൂടിയിരുന്ന ശോശപ്പ (കാപ്പയുടെ അതേ തുണി കൊണ്ട് ചതുരത്തിലുള്ള തിരുവസ്ത്രം) മാറ്റി ദിവ്യരഹസ്യങ്ങളുടെ ചുറ്റിലും വയ്ക്കുന്നത് എന്തിനെ സൂചിപ്പിക്കുന്നു?
നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിന്റെ പ്രതീകം.

48. 'സകലത്തിന്റെയും നാഥനായ ദൈവത്തിന് കുർബാന അർപ്പിക്കപ്പെടുന്നു'. ഈ പ്രാർത്ഥന സൂചിപ്പിക്കുന്നത് എന്താണ്?
വിശുദ്ധ കുർബാനയുടെ ബലിദായക മാനം.

49. മാർ അദ്ദായിയുടെയും മാർ മാറിയുടെയും അനാഫൊറായിലെ നാലാമത്തെ ഗ്ഹാന്തയിലെ താഴെ നിന്ന് മുകളിലേക്കുള്ള റൂശ്മ എന്തർത്ഥമാക്കുന്നു?
നമ്മുടെ ഭൗമിക ജീവിതലക്ഷ്യം സ്വർഗ്ഗമാണെന്ന് അർത്ഥമാക്കുന്നു.

50. നാലാം ഗ്ഹാന്തയ്ക്കു പുറമെ നമ്മുടെ ആരാധനാക്രമത്തിൽ മറ്റെവിടെയാണ് ഈ രീതിയിൽ റൂശ്മ കാണുന്നത്?
മാമോദിസയിലെ ഒന്നും മൂന്നും റൂശ്മ.

51. പരിശുദ്ധ ബുക്റ (നമ്മുടെ കർത്താവിന്റെ തിരുശരീരം) മുറിക്കുന്നത് എന്ത് സൂചിപ്പിക്കുന്നു?
നമ്മുടെ കർത്താവിന്റെ മരണം

52. തിരുരക്തത്തിൽ മുക്കിയശേഷം പരിശുദ്ധ ബുക്റയുടെ യോജിപ്പിക്കൽ എന്ത് സൂചിപ്പിക്കുന്നു?

നമ്മുടെ കർത്താവിശോമിശിഹായുടെ ഉത്ഥാനം.

53. ദ് ഹീലത്ത് എന്ന വാക്കിന്റെ അർത്ഥം എന്താണ്?
ഓ കർത്താവേ നീ ഭയാനകനാകുന്നു.

54. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ ആദ്യം ആരാണ് വി.കുർബ്ബാന സ്വീകരിക്കുന്നത്?
ഈശോമിശിഹായുടെ സ്ഥാനത്തുനിന്ന് വി. കുർബ്ബാന അർപ്പിച്ച കാർമ്മികൻ
.

55. വിശുദ്ധ കുർബാന സ്വീകരണത്തിനുള്ള പ്രദക്ഷിണം എന്തു സൂചിപ്പിക്കുന്നു?
(കാർമ്മികനും ശുശ്രൂഷിയും കെസ്ത്രോമായുടെ കവാടത്തിലേക്കും സമൂഹം കാർമ്മികന്റെ പക്കലേക്കും വരുന്ന പ്രദക്ഷിണം)
സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള കണ്ടുമുട്ടൽ.

56. സ്ലീവാ ആകൃതിയിൽ കൈകൾ വെച്ച് കർത്താവിന്റെ ശരീരം സ്വീകരിക്കുന്നത് സൂചിപ്പിക്കുന്നത് എന്ത്?
നമ്മുടെ കർത്താവിശോമിശിഹായുടെ കുരിശുമരണം.

57. വിശുദ്ധ കുർബാന എഴുന്നേറ്റ് നിന്ന് സ്വീകരിക്കുന്നത് സൂചിപ്പിക്കുന്നത് എന്ത്?
നമ്മുടെ കർത്താവിശോമിശിഹായുടെ ഉത്ഥാനം.

58. തെശ്ബൊഹ്ത്ത എന്ന സുറിയാനി വാക്കിന്റെ അർത്ഥം എന്ത്?
സ്തുതി

59. ഹുത്താമ്മ എന്ന വാക്കിന്റെ അർത്ഥം എന്താണ്?
മുദ്രവയ്ക്കൽ

60. ഹുത്താമ്മ (സമാപന പ്രാർത്ഥനയും ആശീർവാദവും)യുടെ അർത്ഥം എന്താണ്?
സുലാക്കാ (സ്വർഗ്ഗാരോഹണ) സമയത്ത് നമ്മുടെ കർത്താവ് ശിഷ്യന്മാർക്ക് നല്കിയ ആശിർവാദം.

61. തിരുശരീരത്തിനും തിരുരക്തത്തിനും ഉപയോഗിക്കുന്ന പൗരസ്ത്യ സുറിയാനി പദങ്ങൾ ഏവ?
പഗ്റാ (തിരുശരീരം), ദ്മാ (തിരുരക്തം).

62. ഷൗത്താപൂസായുടെ എന്ന വാക്ക് എന്തിനെ സൂചിപ്പിക്കുന്നു?
കൂട്ടായ്മയും ഐക്യവും വിശുദ്ധ കുർബാനയിലെ പങ്കാളിത്തവും.

63. ആമേൻ എന്ന വാക്കിനെ പറ്റി മൊപ്സുഎസ്റ്റ്യയായിലെ തെയഡോർ എന്ത് പഠിപ്പിക്കുന്നു?
കാർമ്മികൻ ചൊല്ലുന്ന പ്രാർത്ഥനയോടുള്ള ജനത്തിന്റെ സമ്മതവും സ്വീകാര്യതയും ആണ് സൂചിപ്പിക്കുന്നത്.

64. ഹുത്താമ്മയ്ക്കു മുൻപുള്ള രണ്ട് പ്രാർത്ഥനകൾ ആരെയാണ് അഭിസംബോധന ചെയ്യുന്നത്?

ആദ്യ പ്രാർത്ഥന പരിശുദ്ധ ത്രിത്വത്തെയും.

രണ്ടാം പ്രാർത്ഥന നമ്മുടെ കർത്താവിശോമിശിഹായെയും.

65. അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് പരിശുദ്ധ കുർബാനയെ വിളിക്കുന്നത് എന്ത്?

അമർത്യയുടെ ഔഷധവും ജീവന്റെ അപ്പവും.

66. കുദാശയെ സൂചിപ്പിക്കാൻ പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ ഉപയോഗിക്കുന്ന പദം ഏതാണ്?

റാസ.

67. റാസ എന്ന പദത്തിന് തുല്യമായ ഗ്രീക്ക് പദം ഏതാണ്?

മിസ്തേരിയോൺ.

68. മിസ്തേരിയോൺ.എന്ന പദത്തിന്റെ അർത്ഥം എന്താണ്?

രഹസ്യം.

69. പുതിയ നിയമത്തിൽ എത്ര പ്രാവശ്യം രഹസ്യം എന്ന പദം പ്രത്യക്ഷപ്പെടുന്നുണ്ട് ?

28 തവണ

70. മാർ നർസ്സായിയുടെ അഭിപ്രായത്തിൽ ആത്യന്തികമായി രഹസ്യങ്ങളുടെ കാർമ്മികനും രഹസ്യങ്ങൾ പൂർത്തീകരിക്കുന്നവനും ആരാണ് ?

റൂഹാദ് കൂദ്ശാ (പരിശുദ്ധാത്മാവ്)

71. റാസ (രഹസ്യം)യെ ഭൂത, വർത്തമാന, ഭാവികാല സംഗമമായി പഠിപ്പിച്ചത് ആര്?

മാർ അപ്രേം.

72. തുപ്സ എന്ന വാക്കിന്റെ അർത്ഥം എന്താണ്?

പ്രതീകം.

73. എന്തുകൊണ്ടാണ് നമ്മൾ കൂദാശകളെ രഹസ്യങ്ങൾ എന്ന് വിളിക്കുന്നത്?

നമ്മൾ വിശ്വസിക്കുന്നത് കണ്ണുകൊണ്ട് കാണുന്നതല്ല. അതുകൊണ്ട് അവയെ രഹസ്യങ്ങൾ എന്ന് വിളിക്കുന്നു.

74. പരിശുദ്ധ രഹസ്യങ്ങളുടെ കേന്ദ്ര സ്ഥാനത്ത് ആരാണ് ?

നമ്മുടെ കർത്താവായ ഈശോമിശിഹാ.

75. എന്തിന് നാം മാമ്മോദീസാ സ്വീകരിക്കണം?

ദൈവമക്കൾ ആകുന്നതിനും മിശിഹായുടെ രഹസ്യങ്ങളിൽ പങ്കാളികളാകുന്നതിനും.

76. മാമ്മോദീസാ എന്ന വാക്കിന്റെ അർത്ഥം എന്താണ്?
മുങ്ങാൻ ഇടയാക്കുക, ഉൾച്ചേരുക, ഒരു പ്രതലത്തിന് താഴേക്ക് ശക്തമായി തള്ളുക.

77. മാർതോമാ നസ്രാണി പാരമ്പര്യത്തിൽ എന്നാണ് മാമ്മോദീസാ നൽകപ്പെട്ടിരുന്നത്?
ജനനത്തിന്റെ എട്ടാം ദിവസം.

78. മാർതോമാ നസ്രാണി പാരമ്പര്യം അനുസരിച്ച് എപ്രകാരമാണ് മാമ്മോദീസാ നൽകിയിരുന്നത്?
കുട്ടിയെ മാമ്മേദീസാ തൊട്ടിയിൽ ഇരുത്തി കാർമ്മികൻ ഇളം ചൂടുവെള്ളത്തിൽ മുക്കുന്നു.

79. മാമ്മോദീസായുടെ പ്രധാന കർമ്മങ്ങൾ എന്തൊക്കെയാണ്?
തൈലം ആശീർവദിക്കൽ, തൈലാഭിഷേകം, ജലം ആശീർവദിക്കൽ, ജലത്തിൽ മുക്കൽ, പുതുവസ്ത്രം ധരിപ്പിക്കൽ, കത്തിച്ച തിരി നൽകൽ, കിരീടധാരണം.

80. വിശുദ്ധ സൈയ്ത്ത് എന്നതിന്റെ അർത്ഥമെന്താണ്?
ഒലിവ് എണ്ണ.

81. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ അഭിഷേകത്തിന്റെ വിശുദ്ധ തൈലമായി ഉപയോഗിക്കുന്ന തൈലം ഏത്?
വിശുദ്ധ സൈയ്ത്ത്.

82. മൊപ്സുഎസ്റ്റ്യയായിലെ മാർ തിയോഡോർ പറയുന്ന പ്രകാരം വിശുദ്ധ സൈയ്ത്ത് കൊണ്ടുള്ള അഭിഷേകത്തിന് ഉപയോഗിക്കുന്ന ഫോർമുല (വാക്യം) എന്താണ്?
പിതാവിന്റെയും പുത്രന്റെയും റൂഹാദ് കൂദ്ശായുടെയും നാമത്തിൽ.

83. അഭിഷേകതൈലത്തെ മൊപ്സുഎസ്റ്റ്യയായിലെ മാർ തിയോഡോർ എന്താണ് വിളിക്കുന്നത്?
ആനന്ദത്തിന്റെ തൈലം.

84.പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ മാമ്മോദീസായിൽ ഉപയോഗിക്കുന്ന ( ഫോർമുല) വാക്യം എന്താണ്?
'പിതാവിന്റെയും പുത്രന്റെയും റൂഹാദ് കൂദ്ശായുടെയും നാമത്തിൽ, .... മാമ്മോദീസാ മുക്കപ്പെടുന്നു.

85. മാമ്മോദീസായിലെ വെള്ളവസ്ത്രത്തെ മാർ അപ്രേം വിളിക്കുന്നതെന്ത്?
മഹത്വത്തിന്റെ വസ്ത്രം

86. മാമ്മോദീസായിൽ പള്ളിയുടെ പ്രവേശന കവാടത്തിൽ വച്ചു നടത്തപ്പെടുന്ന റൂശ്മ (ശരീരത്തിൽ കുരിശിന്റെ അടയാളം കൊണ്ടുള്ള വിശുദ്ധീകരണം)/ ആദ്യത്തെ റൂശ്മ (റൂശ്മ ഖദ്മയ) എങ്ങനെയാണ് ചെയ്യുന്നത്?

ചൂണ്ടുവിരൽ തൈലത്തിൽ മുക്കി, മാമോദീസാർത്ഥിയുടെ നെറ്റിയിൽ താഴെ നിന്ന് മുകളിലേക്കും വലത്തുനിന്ന് ഇടത്തേക്കും സ്ലീവ വരയ്ക്കുന്നു.

87. പ്രവേശക കൂദാശകളിൽ മൂന്നാമത്തെ റൂശ്മയുടെ പ്രതീകാത്മകത എന്താണ്?

റൂഹാദ്കൂദ്ശായുടെ പൂർണതയിലുള്ള ഈശോയുടെ മാമോദീസാ. മാമോദിസായ്ക്ക് ശേഷം മിശിഹാ ജലത്തിൽ നിന്നും കയറിയപ്പോൾ പ്രാവിന്റെ രൂപത്തിൽ മിശിഹായുടെ മേൽ ഇറങ്ങിവന്ന റൂഹാദ്കൂദ്ശായുമായി മാമോദിസ മുങ്ങിയ വ്യക്തി ഐക്യപ്പെട്ടിരിക്കുന്നതിന്റെ പ്രതീകം.

88. മ്ദബ്രാനൂസ എന്ന സുറിയാനി പദത്തിന്റെ അർത്ഥമെന്ത്?

ദൈവിക രക്ഷാപദ്ധതി.

89. പ്രവേശക കൂദാശകളിൽ എത്ര റുശ്മകൾ ഉണ്ട്?

മൂന്ന് റുശ്മകൾ.

90. പൗരസ്ത്യ സുറിയാനി പിതാക്കന്മാരുടെ ഭാഷ്യത്തിൽ ജലം എന്താണ് സൂചിപ്പിക്കുന്നത്?

പുരാതന ജലം (ഉത്: 1:2), വിശ്രമത്തിന്റെ ജലം (സങ്കീ: 23:2) ജോർദാനിലെ ജലം, കല്ലറ(റോമ: 6:45), ആത്മീയ ഉദരം(യോഹ: 3:4), മിശിഹായുടെ വശത്തു നിന്ന് ഒഴുകിയ ജലം, ചൂള.

91. മാർതോമ്മാ നസ്രാണി സഭയിൽ മെത്രാന്മാർ എവിടെ നിന്നാണ് വന്നിരുന്നത്?

മഹാപള്ള യോഗത്താൽ അയക്കപ്പെട്ടിരുന്ന പ്രതിനിധി സംഘത്തിന്റെ അഭ്യർത്ഥനയനുസരിച്ച് മധ്യപൂർവദേശത്തുള്ള ദയറ (ആശ്രമം) കളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട് അഭിഷക്തരായി അയക്കപ്പെട്ടിരുന്നു.

92. ശ്ലീവാ ഉപയോഗിച്ചുള്ള ആശീർവാദം പൗരോഹിത്യ പദവിയുള്ളവർ മാത്രം നൽകാനായി നിശ്ചയിച്ചിരിക്കുന്നത് എന്തുകൊണ്ട്?

ശ്ലീവാ അടയാളം ഓരു റാസ (രഹസ്യം) യാണ്. പൗരോഹിത്യ പദവിയെങ്കിലും ഉള്ളവർ മാത്രമേ റാസാ പരികർമ്മം ചെയ്യാവു.

93. വിവിധ പൗരോഹിത്യ പദവികൾക്ക് കൈവയ്പ്പ് (സ്യാമീദ) നൽകുന്നത് ആരൊക്കെ?

മെത്രാനോ മെത്രാപ്പോലീത്തായോ കാസോലിക്കയോ.

94. എല്ലാ പൗരോഹിത്യവും മഹാപൗരോഹിത്യവും ആരിലാണ് പരിപൂർണ്ണത പ്രാപിക്കുന്നത്?

പരമോന്നത മഹാപുരോഹിതനായ ഈശോ മിശിഹായിൽ.

95. മാർതോമാ നസ്രാണി സഭയിൽ ഭരണാധികാരം ആർക്കായിരുന്നു?
അർക്കദിയാക്കോൻ (ആർച്ചുഡീക്കൻ)

96. ആരാധനാക്രമത്തിന്റെ സംരക്ഷകൻ ആരാണ്?
മെത്രാൻ.

97.മെത്രാന്റെ അരപ്പട്ട എന്തിന്റെ അടയാളമാണ്?
ദൈവജനത്തെ ശുശ്രൂഷിക്കാനുള്ള സന്നദ്ധതയുടെ അടയാളം.

98. കൈ സ്ലീവായും ഹൂത്ര(ചെറിയ ഊന്നുവടി) യും  എന്തിന്റെ പ്രതീകമാണ്?
കൈസ്ലീവാ ദൈവനാമത്തിൽ ആശീർവ്വദിക്കാനുള്ള അധികാരവും ഹൂത്ര പഠിപ്പി ക്കാനുള്ള അധികാരവും സൂചിപ്പിക്കുന്നു.

99. കറുത്ത നിറമുള്ള ലബ്ബൂഷ എന്തിനെ സൂചിപ്പിക്കുന്നു?
മെത്രാനും പുരോഹിതനും പിന്തുടരേണ്ട സന്ന്യാസ ജീവിത ശൈലിയെ സൂചിപ്പി ക്കുന്നു.

100. ചുമന്ന നിറമുള്ള ളോഹ എന്തിനെ സൂചിപ്പിക്കുന്നു?
രക്തസാക്ഷിത്വത്തെ അതു സൂചിപ്പിക്കുന്നു. മ്രെതാന്മാർ വിളിക്കപ്പെടുന്നത് സഭ യ്ക്കു വേണ്ടി ജീവൻ അർപ്പിക്കുന്നതിനാണ്.

---